# Prime Minister Shri Narendra Modi virtually met stakeholders involved in Operation Ganga launched for evacuation of Indians from Ukraine

March 15, 2022

**യുക്രെയ്നിൽ കുടുങ്ങിയ ഇന്ത്യക്കാരെ തിരികെ എത്തിക്കാനുള്ള 'ഓപ്പറേഷൻ ഗംഗ' ദൗത്യത്തിൽ സഹകരിച്ചവരുമായി പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി വിദൂരദൃശ്യസംവിധാനത്തിലൂടെ കൂടിക്കാഴ്ച നടത്തി**

'ഓപ്പറേഷൻ ഗംഗ' ദൗത്യത്തിൽ സഹകരിച്ചവരുമായി പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ഇന്ന് ആശയവിനിമയം നടത്തി. 23,000 ഇന്ത്യൻ പൗരന്മാരെയും 18 രാജ്യങ്ങളിൽ നിന്നുള്ള 147 വിദേശ പൗരന്മാരെയുമാണ് ഓപ്പറേഷൻ ഗംഗ ദൗത്യത്തിലൂടെ യുക്രെനിൽനിന്നു വിജയകരമായി തിരികെ എത്തിച്ചത്.

യുക്രെൻ, പോളണ്ട്, സ്ലോവാക്യ, റൊമാനിയ, ഹംഗറി എന്നിവിടങ്ങളിലെ ഇന്ത്യൻ സമൂഹത്തിന്റെയും സ്വകാര്യമേഖലയുടെയും പ്രതിനിധികൾ ഓപ്പറേഷൻ ഗംഗയുടെ ഭാഗമായതിന്റെ അനുഭവങ്ങളും അവർ അഭിമുഖീകരിച്ച വെല്ലുവിളികളും വിവരിച്ചു. ദൗത്യത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ അവർ സംതൃപ്തി പ്രകടിപ്പിച്ചു. മനുഷ്യരെ സഹായിക്കാൻ സങ്കീർണമായ പ്രവർത്തനങ്ങളുടെ ഭാഗമായതിൽ അഭിമാനമുണ്ടെന്നും അവർ പറഞ്ഞു.

രക്ഷാദൗത്യത്തിന്റെ വിജയത്തിനായി അക്ഷീണം പ്രയത്നിച്ച ഇന്ത്യൻ സമൂഹത്തിലെ നേതാക്കൾ, സന്നദ്ധ സംഘങ്ങൾ, കമ്പനികൾ, സ്വകാര്യ വ്യക്തികൾ, ഗവണ്മെന്റ് ഉദ്യോഗസ്ഥർ എന്നിവരെ പ്രധാനമന്ത്രി ഊഷ്മളമായി അഭിനന്ദിച്ചു. ഓപ്പറേഷൻ ഗംഗയുടെ ഭാഗമായ എല്ലാവരും പ്രകടിപ്പിച്ച ദേശസ്നേഹവും സമൂഹത്തോടുള്ള സേവനമനോഭാവവും ഒത്തൊരുമയും പ്രശംസാർഹമാണെന്ന് അദ്ദേഹം പറഞ്ഞു. നിസ്വാർഥസേവനം നടത്തിയ വിവിധ സാമുദായികസംഘടനകളെയും പ്രധാനമന്ത്രി പ്രത്യേകം അഭിനന്ദിച്ചു. വിദേശരാജ്യങ്ങളിൽ അവർ നടത്തുന്ന സേവനങ്ങൾ ഇന്ത്യയുടെ സാംസ്കാരികമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

പ്രതിസന്ധിഘട്ടങ്ങളിൽ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കാൻ ഗവൺമെന്റ് നടത്തുന്ന ശ്രമങ്ങളെക്കുറിച്ച് സംസാരിച്ച പ്രധാനമന്ത്രി, യുക്രെനിലെയും അയൽരാജ്യങ്ങളിലെയും നേതാക്കളുമായുള്ള വ്യക്തിപരമായ ഇടപെടലുകളെക്കുറിച്ചു പറയുകയും വിദേശഗവണ്മെന്റുകളിൽനിന്ന് ഇന്ത്യക്കു ലഭിച്ച പിന്തുണയ്ക്കു നന്ദി അറിയിക്കുകയും ചെയ്തു.

വിദേശത്തുള്ള ഇന്ത്യക്കാരുടെ സുരക്ഷയ്ക്കു വലിയ പരിഗണനയാണു ഗവൺമെന്റ് നൽകുന്നതെന്ന് ആവർത്തിച്ച പ്രധാനമന്ത്രി, അന്താരാഷ്ട്രതലത്തിൽ എന്തു പ്രതിസന്ധിയുണ്ടായാലും പൗരന്മാരെ സഹായിക്കാൻ ഇന്ത്യ എപ്പോഴും ആത്മാർത്ഥതയോടെ പ്രവർത്തിച്ചിട്ടുണ്ടെന്നും പറഞ്ഞു. യുഗങ്ങളായി 'വസുധൈവകുടുംബകം' എന്ന നയത്തിൽ വിശ്വസിക്കുന്ന ഇന്ത്യ,

മറ്റു രാജ്യങ്ങളിലെ പൗരന്മാർക്കും അടിയന്തരഘട്ടങ്ങളിൽ മാനുഷിക പിന്തുണ നൽകിയിട്ടുണ്ട്.

ന്യൂഡല്ഹി.

മാർച്ച് 15, 2022

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.